# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 144**

**6.01.2014- ൽ മറുപടിക്ക്**

## കപ്പൽ ഗതാഗതം

**ചോദ്യം**

**ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി :**

**മറുപടി**

**ശ്രീ. കെ.ബാബു**
**(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി)**

(എ) കേരളത്തിലെ തീരദേശ പട്ടണങ്ങളെ ബന്ധിപ്പിച്ച് കപ്പൽ ഗതാഗതം നടപ്പിലാക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് സർക്കാർ ആവിഷ്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(എ) തീരദേശ പട്ടണങ്ങളെ ബന്ധിപ്പിച്ച് യാത്രാ കപ്പൽ ഗതാഗതം നടപ്പിലാക്കുന്നതിനും, ചരക്കു ഗതാഗതം നടപ്പിലാക്കുന്നതിനുമായി വിവിധ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

- വിഴിഞ്ഞം, കൊല്ലം, കൊടുങ്ങല്ലൂർ ബേപ്പൂർ, അഴീക്കൽ എന്നീ തുറമുഖങ്ങളെ ബന്ധിപ്പിച്ചുകൊണ്ടാണ് ജലമാർഗ്ഗമുള്ള ചരക്കുഗതാഗത പദ്ധതി അവിഷ്കരിച്ചിട്ടുള്ളത്.
- പദ്ധതി നടത്തിപ്പിനായി പ്രസ്തുത തുറമുഖങ്ങളുടെ ആഴം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അതിൽ കൊല്ലം, ബേപ്പൂർ, അഴീക്കൽ എന്നീ തുറമുഖങ്ങളിൽ ഡ്രഡ്ജിംഗ് നടന്നുവരുന്നു.

പദ്ധതി നടപ്പിലാക്കുന്നതിനായി താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

- തീരദേശ യാത്രാ കപ്പൽ സർവ്വീസ് ആരംഭിക്കുന്നതിനായി 4 ഹൈസ്പീഡ് പാസഞ്ചർ വെസ്സലുകൾ വാങ്ങുന്നതിനായി 6000/- ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

- ആലപ്പുഴയ്ക്കും ഫോർട്ട് കൊച്ചിയ്ക്കും ഇടയിൽ ഹൈഡ്രോഫോയിൽ സർവ്വീസ് നടത്തുന്നതിനായി 50 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.
- കപ്പൽ ചാലുകൾ തിരിച്ചറിയുന്നതിനായി ചാനൽ മാർക്കിംഗ് ബോയകൾ കൊല്ലം, ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളിൽ സ്ഥാപിച്ചു കഴിഞ്ഞു. വിഴിഞ്ഞം തുറമുഖത്ത് ബോയ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.
- കൊല്ലം തുറമുഖത്ത് 100 ടൺ കപ്പാസിറ്റിയുള്ള വെയ് ബ്രിഡ്ജിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.
- കൊല്ലം തുറമുഖത്ത് കണ്ടെയ്നറുകൾ കൈകാര്യം ചെയ്യുന്നതിന് ഒരു ക്രെയിൻ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചു കഴിഞ്ഞു.
- പോർട്ടാഫീസുകളിലും, വാർഫിലും സോളാർ ലൈറ്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.
- സുരക്ഷാ ക്രമീകരണങ്ങളുടെ ഭാഗമായി കൊല്ലം ബേപ്പൂർ തുറമുഖങ്ങളിൽ സി.സി.ടി.വി. ക്യാമറകൾ സ്ഥാപിച്ചുകഴിഞ്ഞു.
- കൊല്ലത്തും കൊടുങ്ങല്ലൂരും രണ്ട് വീതവും ബേപ്പൂർ, അഴീക്കൽ എന്നീ തുറമുഖങ്ങളിൽ ഒന്നു വീതവും ഗോഡൗണുകൾ നബാർഡ് സഹായത്തോടെ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.
- പച്ചക്കറികൾ, മത്സ്യമാംസാദികൾ തുടങ്ങി പെട്ടെന്ന് നശിക്കുവാൻ സാദ്ധ്യതയുള്ള ചരക്കുകൾ സംഭരിച്ച് കേടുപാടുകൂടാതെ സൂക്ഷിക്കുന്നതിനായി വിഴിഞ്ഞം, കൊല്ലം, വലിയതുറ, കൊടുങ്ങല്ലൂർ എന്നീ തുറമുഖങ്ങളിൽ ശീതീകരണ സംവിധാനത്തോടുകൂടിയ ഗോഡൗണുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

- ബേക്കൽ മുതൽ കോവളം വരെ ഒരു 'ടൂറിസ്റ്റ് പാസഞ്ചർ മറൈൻ ഹൈവേ' പദ്ധതി തുറമുഖ വകുപ്പും, ടൂറിസം വകുപ്പും സംയുക്തമായി ആരംഭിക്കുന്നതിനായി ടൂറിസം സെക്രട്ടറി ചെയർമാനായി ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

(ബി) ഇതിനായി ഏതെല്ലാം തുറമുഖങ്ങളെയാണ് തെരഞ്ഞെടുത്തിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) 1) യാത്രാകപ്പൽസർവ്വീസ് നടത്തുന്നതിനായി കാസർഗോഡ്, തലശ്ശേരി, കോഴിക്കോട് / ബേപ്പൂർ, കൊടുങ്ങല്ലൂർ, ആലപ്പുഴ, വലിയതുറ, വിഴിഞ്ഞം എന്നീ തുറമുഖങ്ങളെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്.

2) തീരദേശ ചരക്ക് കപ്പൽ ഗതാഗതത്തിനായി വിഴിഞ്ഞം , കൊല്ലം, ബേപ്പൂർ, അഴീക്കൽ, കൊടുങ്ങല്ലൂർ, പൊന്നാനി എന്നീ തുറമുഖങ്ങളെയും തെരഞ്ഞെടുത്തിട്ടുണ്ട്.

(സി) ഈ പദ്ധതി എന്ന് പൂർത്തീകരിക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദാംശങ്ങൾ നൽകാമോ?

(സി) ചരക്ക് ഗതാഗതത്തിന്റെ 15% വരെ 2015-ഓടു കൂടിയും ചരക്ക് നീക്കവും യന്ത്രക്കപ്പൽ സർവ്വീസും 2020-ഓടെ 40% വീതവും ടി രണ്ട് സർവ്വീസുകളും 2030 ഓടു കൂടി 50% ആയും പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

സെക്ഷൻ ഓഫീസർ